(ബി) ഉണ്ടെങ്കിൽ, ഈ വർക്ക് എന്ന് ടെണ്ടർ ചെയ്യുമെന്നും പണി എന്നത്തേയ്ക്ക് തുടങ്ങാനാവുമെന്നും അറിയിക്കാമോ ?

ഉത്തരം

(എ) വൈക്കം മണ്ഡലത്തിലെ തലയാഴം ടി.വി.പുരം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കോട്ടച്ചിറ സ്പിൽവേ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിന് ഏകദേശം 4.50 കോടി രൂപ ചെലവു വരുന്നതാണ്. പ്രാരംഭ നടപടികൾക്കായി സാങ്കേതികാനുമതിയും ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതിയുടെ ബോറിംഗിനും അതിർത്തിക്കല്ലുകളുടെ നിർമ്മാണത്തിനുമുള്ള പണി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പണികൾ ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി.യുടെ അംഗീകാരവും ഫണ്ടിന്റെ ലഭ്യതയുമനുസരിച്ച് പൂർത്തീകരിക്കാവുന്നതാണ്.

കെ. വി. കനാലിൽ സ്പിൽവേ നിർമ്മാണം

45 (1733) ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം മണ്ഡലത്തിലെ കൃഷിക്കാരെ സഹായിക്കുന്നതിന് കെ.വി.കനാലിൽ 'ഓരുമുട്ട്' ഇടുന്നതിന് പകരം 'സ്പിൽവേ' നിർമ്മിക്കണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അടിയന്തിരമായി സ്പിൽവേ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) വൈക്കം താലൂക്കിൽ തലയാഴം പഞ്ചായത്തിൽ കരിയാറിനു കുറുകെ സ്പിൽവേ നിർമ്മിക്കുന്നതിനായി 2002 ജൂൺ മാസത്തിൽ നടന്ന ഏകദിന ശിൽപ്പശാലയിൽ തീരുമാനം എടുക്കുകയും അതിന്റെ നടപടികൾ തുടർന്നു കൊണ്ടിരിക്കുകയും ചെയ്യുന്നു. ഏകദേശം 4.50 കോടി രൂപ ചെലവു വരുന്ന പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ പുരോഗമിക്കുന്നു. ഇതിന്റെ റിപ്പോർട്ട് കിട്ടിയതിനുശേഷം ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ തീരുമാനം എടുക്കുന്നതാണ്.

കോഴിക്കോട് ജില്ലയിൽ പൂട്ടികിടക്കുന്ന പ്രിമോപൈപ്പ് ഫാക്ടറി

46 (1734) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ പൂട്ടികിടക്കുന്ന പ്രിമോപൈപ്പ് ഫാക്ടറി കെട്ടിടവും സ്ഥലവും മറ്റ് ആവശ്യങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച് ഏതെങ്കിലും പുതിയ നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കെട്ടിടത്തിൽ അടുത്തകാലത്തായി കളവ് നടന്നതായ സംഭവം അധികൃതരുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. അന്തിമ തീരുമാനമായിട്ടില്ല.

(ബി) മോഷണശ്രമം നടന്നതായി സ്ഥലവാസികൾ അറിയിച്ചിരുന്നു.

(സി) മോഷണശ്രമം നടന്നെന്ന് സ്ഥലവാസികൾ അറിയിച്ചതിനെ തുടർന്ന് പോലീസിനെക്കൊണ്ട് അന്വേഷിപ്പിച്ചതിൽ പൂട്ടുകുത്തിപ്പൊളിച്ചതല്ലാതെ ഒന്നും തന്നെ നഷ്ടപ്പെട്ടതായി കണ്ടില്ല. കൂടുതൽ സംരക്ഷണത്തിനായി പോലീസിന്റെ സഹായം ആവശ്യപ്പെട്ടിട്ടുണ്ട്.

കൊട്ടിയം കെ. ഐ. പി. ഗോഡൗണിൽ നടന്ന മോഷണം

47 (1735) ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ മണ്ഡലത്തിലെ കെ. ഐ. പി. നിർമ്മാണത്തിനാവശ്യമായ കൊട്ടിയം കെ. ഐ. പി. ഗോഡൗണിൽ നടന്ന മോഷണത്തിന്റെ അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് പറയാമോ ;

(ബി) വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) പോലീസ് അന്വേഷണം നടന്നു വരികയാണ്.

(ബി) വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

സെൻട്രൽ ഗ്രൗണ്ട് വാട്ടർ ബോർഡിന്റെ സഹായത്തോടെ കുഴൽകിണർ നിർമ്മാണം

48 (1736) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സെൻട്രൽ ഗ്രൗണ്ട് വാട്ടർ ബോർഡിന്റെ സഹായത്തോടെ കുടിവെള്ളം ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ കുഴൽകിണർ നിർമ്മിച്ചുകൊടുക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇടുക്കി ജില്ലയിൽ പ്രസ്തുത പദ്ധതിപ്രകാരം കുഴൽകിണർ നിർമ്മിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(സി) കുടിവെള്ള പ്രശ്നം വളരെ രൂക്ഷമായ ഇടുക്കി ജില്ലയിലെ പ്രദേശങ്ങളിൽ കൂടുതൽ കുഴൽകിണറുകൾ നിർമ്മിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly